# വർണ്ണചെപ്പ്



little KITEs
I T CLUB

# OUR H.M
# JOSHY K VARGHESE



## ***SS LC FULL A PLUS***



## ***NMMS WINNERS***



# HOCKEY TEAM














# CLUB ACTIVITIES
























BIJU KANNAN

CLAY SCULPTING EXPERT

# RHYTHM-2K20

## ANNUAL DAY CELEBRATION














# സ്നേഹമാണച്ഛൻ

രാത്രിയിൽ മടിയിലുറങ്ങും കുഞ്ഞിനെ ദേഹമനക്കാതെ
കണ്ണിലെണ്ണയൊഴിച്ച് കൂട്ടിരിക്കും സുകൃതമാണച്ഛൻ

വികൃതികാട്ടുമ്പോൾ നിങ്ങടെ മോളല്ലേയെന്നമ്മ
കലി പിടിക്കുമ്പോൾ നോക്കിചിരിക്കുന്ന നന്മയാണച്ഛൻ

പനി നെറ്റിയിൽ നനവാകുന്ന കരുണയാണച്ഛൻ
എന്നെ ഞാനാക്കിയ വിശുദ്ധ പദമാണച്ഛൻ

മക്കളെ തോളിലിരുത്തി ഉത്സവം കാണിച്ച്
കൊതിതീരാത്ത കനിവാണച്ഛൻ

അന്ന റ്റി പ്രിജീവ്
VII C

# സ്നേഹത്തിന്റെ  ദിവ്യവെളിച്ചം

ഇന്നും പതിവുപോലെ ആ ബാലൻ ഉറങ്ങാൻ കിടന്നു.ചാഞ്ഞും ചരിഞ്ഞും കിടന്നു.എന്തുചെയ്തിട്ടും അവന് ഉറക്കം വരുന്നില്ല.കുറച്ചുനേരത്തിനുശേഷം അവൻ  മെല്ലെ ഉറങ്ങി.അവൻ അന്നുരാത്രി ഒരു സ്വപ്നം കണ്ടു.ഒരു അപൂർവ്വമായ സ്വപ്നം.

രാവിലെ 8 മണി.ആൻമരിയ എന്ന പെൺകുട്ടി പള്ളിവരാന്തയിലൂടെ ഒരു റോസാപ്പൂവുമായി നടന്നു പോകുന്നു.അവളുടെ പുഞ്ചിരി വളരെ മനോഹരമായിരുന്നു.ഉടൻതന്നെ അവൻ ഉറക്കത്തിൽനിന്നുണർന്നു.അവൻ ചിന്തിച്ചു;ഏതാണ് ആ ബാലിക,ആരാണവൾ ?പിന്നെ അവന് ഉറക്കം ഉണ്ടായിരുന്നില്ല.പിറ്റേ ദിവസം അതിരാവിലെ തന്നെ അവൾക്കുവേണ്ടിയുള്ള അന്വേഷണം ആരംഭിച്ചു.അവന് അവളെ തിരിച്ചറിയാനുള്ള  ഒരു ഉപായം 'ആൻമരിയ' എന്ന പേരു മാത്രമായിരുന്നു. “പിന്നെ ഞാൻ ആ ബാലികയെ എങ്ങനെ കണ്ടെത്തും" എന്നതായിരുന്നു ആ ബാലന്റെ ചിന്ത.കുറച്ചു സമയത്തിനു ശേഷം അവൻ സ്വപ്നത്തിൽ കണ്ട പള്ളിയിൽ എത്തി.ആ ബാലന്റെ മനസ്സുനിറയേ 'ആൻമരിയ'യുടെ ചിന്തകളായിരുന്നു.അവൻ ആ വരാന്തയിൽ മെല്ലെ ഇരുന്നു.അവന് അമ്മയുണ്ടായിരുന്നില്ല. അത് അവന്റെ മനസ്സിലെ ഒരു തീരാ വേദനയായിരുന്നു.അവൻ വീട്ടിലേക്ക് നടന്നു.അന്ന് അവന് വല്ലാത്ത ഉറക്കക്ഷീണമായിരുന്നു.അവൻ നിദ്രയിലായി.ഇന്നലെയുടെ സ്വപ്നങ്ങൾ അവന്റെ മനസ്സിൽ മിന്നിമറ ഞ്ഞു.ആ സ്വപ്നത്തിന്റെ ബാക്കികാണാൻ അവൻ ശ്രമിച്ചു.'ആൻമരിയ'

യുടെ മുഖം തെളിഞ്ഞുവരുന്നുണ്ടായിരുന്നില്ല.അവൻ സങ്കടത്തോടെ എഴുന്നേറ്റു.പിറ്റേദിവസം ആ പള്ളിയുടെ വരാന്തയിൽ പതിവുപോലെ അവളുടെ ആലോചനയിലായിരുന്നു.പെട്ടെന്ന് ഒരു പെൺകുട്ടി പൂവുമായി വരാന്തയിലൂടെ നടന്നുവരുന്നു.ആ ബാലൻ സ്വപ്നത്തിൽ കണ്ടതുപോലെ ആ പെൺകുട്ടി 'ആൻമരിയ'യാണെന്ന് ഉറപ്പിച്ചു.അവൻ അവളെ തന്നെ ശ്രദ്ധിച്ചു.അവളോട് അടുക്കുന്തോറും  അവൾ മാഞ്ഞുപോകുന്നു.എന്തോ ഒരു അത്ഭുതം ഈ ലോകത്ത്  നടക്കുന്നതുപോലെ തോന്നി.അവൻ അടുത്തെത്തിയപ്പോഴേക്കും ആ ബാലിക അപ്രത്യക്ഷമായി കഴിഞ്ഞു.

അന്നു രാത്രി  ഈ ബാലൻ ഉറക്കം വരാതെ കിടന്നു.കുറച്ചുനിമിഷത്തിനുശേഷം ഒരു ദേവത പ്രത്യക്ഷപ്പെട്ടു.ആ ബാലൻ അത്ഭുതത്തോടെ നോക്കി."നീ ഭയപ്പെടേണ്ട ഞാൻ നിന്റെ ദേവതയാണ്, നിന്റെ കാവൽമാലാഖ".അവന്റെ സ്വപ്നത്തിലെ ആൻമരിയയാണവൾ.അവൻ ചോദിച്ചു;"എന്റെ അമ്മയെ എനിക്ക് കാണാൻ സാധിക്കുമോ?"."മകനെ ,ഞാനാണ് നിന്റെ അമ്മ,തായ, ജനനി, എല്ലാം ......... . നീ നല്ലവനാണ്.എപ്പോഴും ഈശ്വരവിശ്വാസി യായിക്കൊള്ളുക".ഇത്രയും പറഞ്ഞുകൊണ്ട് മാലാഖ അപ്രത്യക്ഷമായി. അവൻ ആഹ്ലാദത്തോടെ നിന്നു.

ആ ബാലന്റെ കണ്ണുകളിൽ ദിവ്യവെളിച്ചം കാണാൻ സാധിച്ചു.

മിഥുന.എസ്

VI C

# ഓർമ്മകളിലെ കിളിപ്പാട്ട്

തുഞ്ചൻ പറമ്പിലെ ശാരിക പൈതലേ
പാടൂ നീ വീണ്ടുമാ മധുര ഗീതം

എന്നോ കേട്ടുമറന്നൊരു നാദമായ്
മഴവില്ല് പോലെ നീ മറയുന്നു വാനിലായ്

തുഞ്ചൻ പറമ്പിലെ കാഞ്ഞിരമരത്തിൻ
കയ്പ്പുനീ മാറ്റി നിൻ മധുര നാദത്താൽ

ജാലക പാളിതൻ വിടവിലൂടെത്തും
ചന്ദ്രനിലാവൊളിപോൽ തഴുകി
എന്നെയുണർത്തി നീ

എങ്കിലുമെന്റെ കിളിപ്പാട്ടേ നീ-
യെങ്ങു പോയി മറഞ്ഞു
നിന്റെ ശബ്ദ മാധുര്യത്തിനായി
കാത്തിരിക്കും പൈതങ്ങൾ ഞങ്ങൾ

പാർവതി മോഹൻ

VI C

# കാലാന്തരം

രാജു എഴുന്നേറ്റു.പല്ലുതേച്ച് കുളിയും കഴിഞ്ഞു.ജനാല തുറന്നു.അപ്പോൾ കൂട്ടിലെ തത്തമ്മ അവനെ നോക്കി ഗുഡ്മോണിങ്ങ് പറഞ്ഞു.

മുറ്റത്തിനോരം നിൽക്കുന്ന പയർചെടിയിൽ വൈര്യം പോലെ തിളങ്ങുന്നൊരു മഞ്ഞുതുള്ളി.ഈ പ്രഭാതത്തിന്റെ സൗന്ദര്യം എത്ര ആസ്വദിച്ചാലും മതിയാകില്ലെന്ന് അവന് തോന്നി.

രാജു ഭക്ഷണത്തിനുശേഷം സ്കൂളിൽ പോകാൻ തയ്യാറാവുന്ന തിരക്കിലാണ് ഒരു കാര്യം ഓർത്തത്.

പൂന്തോട്ടത്തിലിന്നലെ നട്ട റോസാപൂവിന് വെള്ളമൊഴിക്കാൻ.അവൻ വേഗം റെഡിയായി ബാഗ് കസേരയിൽ വച്ചിട്ട് ഒറ്റ ഓട്ടം.അവൻ ടാപ്പ് തുറന്ന് ഒരു പൈപ്പിലൂടെ ചെടികൾ നനയ്ക്കാൻ തുടങ്ങി.പൈപ്പിലൂടെ തുള്ളിത്തുള്ളിയായി വീഴുന്ന ജലകണികകൾ കാണാൻ വളരെയിഷ്ട മാണ്.

അമ്മ വിളിച്ചു പറഞ്ഞു;"രാജൂ, സ്കൂൾ വണ്ടി വരാറായി."

രാജു പറഞ്ഞു;"വരാം അമ്മേ".

അവൻ ടാപ്പ് പതുക്കെ അടച്ചു."രാജൂ",അമ്മയുടെ വിളികേട്ട് അവൻ ഓടി ചെന്നു.സ്കൂൾ വണ്ടി വന്നിരിക്കുന്നു.അവൻ വേഗം ബാഗെടുത്ത് വണ്ടിയിൽ കയറി.അപ്പോൾ റോസാച്ചെടിയുടെ ഒരിളംകമ്പ് കാറ്റിൽ പതുക്കെ ആടാൻ തുടങ്ങി.രാജു ,സ്കൂളിൽ ഒഴിവു സമയങ്ങളിൽ താൻ നട്ടുവളർത്തുന്ന ചെടിയെക്കുറിച്ച് കൂട്ടുകാരോട് പറയുമായിരുന്നു.

അങ്ങനെ വർഷങ്ങൾ കടന്നുപോയി.രാജു ഒരു വലിയ ഡോക്ടറായി.റോസാച്ചെടി നിറയെ പുഷ്പങ്ങൾ നൽകുന്ന ഒരു

ഐശ്വര്യമായി വിടർന്ന് അവനെ കാത്തുനിന്നു.

കുറേ വർഷങ്ങൾക്കുശേഷം അവൻ നാട്ടിലെത്തി.ആദ്യം അന്വേഷിച്ചത് റോസചെടിയെയാണ്.രാജുവും ഭാര്യയും മക്കളും കുവൈറ്റിലാണ് താമസം.ഇക്കൊല്ലത്തെ ക്രിസ്മസ് ലീവിന് വന്നതാണ്.രാജു നാട്ടിലുള്ള സമയത്ത് എന്നും അതിന് കാര്യമായി വെള്ളമൊഴിക്കുകയും തടമിട്ടുകൊടുക്കുകയും ചെയ്യുമായിരുന്നു.ക്രിസ്മസ് അവധിക്കഴിഞ്ഞു.രാജു കുവൈറ്റിലേക്ക് തിരിച്ചുപോകുന്ന സമയം വയസ്സായ മാതാവിനോട് യാത്ര പറഞ്ഞു.അപ്പോഴും താൻ ജീവനുതുല്യം സ്നേഹിക്കുന്ന റോസാച്ചെടിയെ മറക്കാൻ അവന് കഴിഞ്ഞില്ല.അവൻ അതിൽ പുതുതായി വിടർന്ന ഒരു പൂവിൽ തലോടി.അവൻ ആദ്യമായി അതിന്റെ ചുവട്ടിൽ കണ്ണുനീർ പൊഴിച്ചു.അവനെ അമ്മ വിളിച്ചു;"രാജു".അവൻ പറഞ്ഞു. "ആ വരാം".

എന്നാൽ ഇപ്രാവശ്യം അവൻ പോകുന്ന സമയത്ത് അവന്റെ കൈയിലെന്തൊ ഒന്ന് തടയുന്നതുപോലെ അവന് തോന്നി.അവൻ ആകാംശയോടെ നോക്കി.അപ്പോൾ അത് ആ ചെടിയുടെ മുള്ളുള്ള ഒരു കമ്പായിരുന്നു.അവൻ നിരാശയോടെ ആ കമ്പിനെ മാറ്റി.അപ്പോൾ അതിൽ നിന്ന് ഒരു ചുവന്ന റോസാപ്പൂവ് അടർന്നുവീണു.അവൻ അത് തന്റെ കൈയിലെടുത്തു.

രാജു വണ്ടിയിൽ കയറി.എല്ലാവരോടും ചെടിയോടും യാത്ര പറഞ്ഞു.അപ്പോഴാണ് തന്റെ കൈയിലുണ്ടായ ആ മുറിവിനെക്കുറിച്ച് അവൻ ചിന്തിച്ചത്.ആ റോസാച്ചെടിക്ക് തന്നെ നീണ്ട കാലം പിരിഞ്ഞിരിക്കേണ്ട വേദനയുടെ ആഴമായിരിക്കാം ആ മുറിവിൽ.